(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിൽ വരുന്ന പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ വിദേശ മലയാളികൾക്ക് ആവശ്യമായ സഹായം നൽകുന്നതിനുവേണ്ടി പ്രവാസി മലയാളി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ വികസന കാര്യത്തിൽ അസന്തുലിതാവസ്ഥ ഉണ്ടാകാതിരിക്കാൻ ഓരോ ജില്ലയിലേയും ആവശ്യങ്ങൾ വിവിധ വകുപ്പുകളുമായി മുൻകൂട്ടി ആലോചിച്ച് പദ്ധതികൾക്ക് രൂപം കൊടുക്കുമോ?

ഉത്തരം

(എ) സ്വകാര്യ മുതൽമുടക്കിന് സർക്കാർ ഗ്യാരണ്ടി നൽകി വരുന്നില്ല. എന്നാൽ സംസ്ഥാനത്തിന്റെ വികസനത്തിന് സഹായകമാകുന്ന എല്ലാ മുതൽമുടക്കിനും സർക്കാർ പ്രോത്സാഹനം നൽകി വരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് മുതൽമുടക്കുവാൻ തയ്യാറായിവരുന്ന വിദേശ മലയാളികളെ സഹായിക്കുന്നതിനുവേണ്ടി, അവർ മുന്നോട്ടുവയ്ക്കുന്നതും സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനത്തിന് ഉതകുന്നതുമായ പദ്ധതികളുടെ പ്രായോഗികത പഠനചെലവുകൾ വഹിക്കുന്നതിനായി 'എൻ.ആർ.കെ. പ്രോജക്ട് ഇനിഷ്യേറ്റീവ് ഫണ്ട്' എന്ന ഒരു റിവോൾവിംഗ് ഫണ്ടിന് പ്രവാസി കേരളീയകാര്യ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതിയുടെ അടങ്കൽ തുകയുടെ 0.5 ശതമാനം മുതൽ 2 ശതമാനം വരെ ഈ ഫണ്ടിൽ നിന്നും ധനസഹായം നൽകും.

(സി) സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുതന്നെയാണ് ഓരോ വകുപ്പും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്.

റൂട്ട്സ് എൻ.ആർ.കെ. ഉദ്യോഗസ്ഥരുടെ വിദേശ സന്ദർശനങ്ങൾ

158 [5141] ഡോക്ടർ തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂട്ട്സ് എൻ.ആർ.കെ.-യിലെ ഏതൊക്കെ ഉദ്യോഗസ്ഥർ ഏതൊക്കെ വിദേശ രാജ്യങ്ങൾ ഏതെല്ലാം തീയതികളിൽ സന്ദർശിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ യാത്രയും ഏതൊക്കെ ആവശ്യങ്ങൾക്ക് വേണ്ടിയാണെന്നും അതിലൂടെ സ്ഥാപനത്തിന് എന്തൊക്കെ നേട്ടങ്ങൾ ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഓരോ യാത്രയ്ക്കുംവേണ്ടി ചെലവാക്കിയ തുക എത്രയെന്നും ടി തുക ആര് നൽകിയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) റൂട്ട്സ് എൻ. ആർ. കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവിന്റെ ചീഫ് എക്സിക്യൂട്ടീവ് ശ്രീ. കെ. സതീഷ് നമ്പൂതിരിപ്പാട് 2003 മാർച്ച് 17 മുതൽ 27 വരെ യു.എ.ഇ.-യും, ബഹു. നോർക്ക വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘത്തോടൊപ്പം ഏപ്രിൽ 17 മുതൽ 26 വരെ ഗൾഫ് രാജ്യങ്ങളായ യു.എ.ഇ., ഒമാൻ, ഖത്തർ എന്നിവിടങ്ങളും സന്ദർശിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി സഹകരിച്ച് സർക്കാർ പ്രവാസി മലയാളികൾക്കുവേണ്ടി നടപ്പാക്കിയ സാമൂഹ്യ സുരക്ഷാ പദ്ധതിയായ 'പ്രവാസി സ്വാശ്രയ' യുടെ പ്രചാരണത്തിനും, പ്രവാസികൾക്കായി 'റൂട്ട്സ്' നടപ്പാക്കുന്ന ക്ഷേമ-പുനരധിവാസ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമാണ് വിദേശ യാത്രകൾ നടത്തിയത്.

'പ്രവാസി സ്വാശ്രയ'യിൽ അംഗങ്ങളാകുന്നതിനും റൂട്ട്സ് നടപ്പാക്കുന്ന ഉപഭോക്തൃ സംരംഭകത്വ പദ്ധതികളിൽ നിക്ഷേപിക്കുന്നതിനും ധാരാളം പ്രവാസികൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. വിവിധ ഉപഭോക്തൃ-സംരംഭകത്വ പദ്ധതികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. 'റൂട്ട്സ്' എന്ന കമ്പനി വഴി നടപ്പാക്കുന്ന 'എന്റെ ഗ്രാമം എന്റെ സ്വപ്നം'. പദ്ധതിയിൽ പങ്കാളികളാകുന്നതിനും പ്രവാസികൾ തയ്യാറായിട്ടുണ്ട്.

(സി) 2003 മാർച്ച് മാസത്തിൽ നടത്തിയ വിദേശ യാത്രയ്ക്ക് ഒരു വക്ഷം രൂപ റൂട്ട്സിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

2003 ഏപ്രിൽ മാസത്തിൽ നോർക്ക വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാർ പ്രതിനിധി സംഘം ഗൾഫ് രാജ്യങ്ങളിലേക്ക് നടത്തിയ യാത്രയുടെ ചെലവുകൾ സർക്കാർ വഹിക്കുന്നതാണ്.

സിനിമ നിർമ്മാതാക്കൾ നേരിടുന്ന പ്രശ്നങ്ങൾ

159 [5142] ശ്രീ. യു. സി. രാമൻ :
" കെ. കുട്ടി അഹമ്മദ് കുട്ടി:
" സി. മമ്മൂട്ടി:
" സി. മോയിൻ കുട്ടി:
" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമ നിർമ്മാതാക്കൾ നേരിടുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനകം എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.എഫ്.ഡി.സി. സിനിമ നിർമ്മാതാക്കൾക്ക് എന്തു സഹായമാണ് ചെയ്തു വരുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly